പരപ്പനങ്ങാടി മുനിസിപ്പൽ മുസ്‌ലിം ലീഗ് കമ്മറ്റി

ഗ്രെയ്സ് എജ്യുക്കേഷണൽ അസോസിയേഷൻ

അറിവരങ്ങ്

SET C

വായനാ മത്സരം : ചോദ്യാവലി

വിജയികൾക്കുള്ള സമ്മാനങ്ങൾ		
ഒന്നാം സ്ഥാനം	:	ലാപ്ടോപ്പ്
രണ്ടാം സ്ഥാനം	:	ഒരു പവൻ സ്വർണ്ണം
മൂന്നാം സ്ഥാനം	:	വാഷിംഗ് മെഷിൻ
കൂടാതെ 100 പേർക്ക് ആകർഷകമായ സമ്മാനങ്ങളും		

പ്രധാന നിർദ്ദേശങ്ങൾ

1 ഈ ചോദ്യാവലിയിൽ ആകെ 100 ചോദ്യങ്ങളുണ്ട്.

2 1 മുതൽ 75 വരെയുള്ള ചോദ്യങ്ങൾ എം.സി.വടകര രചിച്ച് ഗ്രെയ്സ് ബുക്സ് പ്രസിദ്ധീകരിച്ച "സയ്യിദ് അബ്ദുറഹിമാൻ ബാഫഖിതങ്ങൾ" എന്ന ഗ്രന്ഥത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. 76 മുതൽ 100 വരെയുള്ള ചോദ്യങ്ങൾ പരപ്പനങ്ങാടിയുടെ പ്രാദേശിക വിവരങ്ങൾ ഉൾപ്പെടുത്തിയതാണ്.

3 എല്ലാ ശരിയുത്തരങ്ങൾക്കും ഒരു മാർക്ക് വീതം.

4 ലഭിച്ചിരിക്കുന്ന ചോദ്യാവലിയിൽ 100 ചോദ്യങ്ങൾ ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

5 ചോദ്യാവലിയിൽ മുനിസിപ്പൽ മുസ്‌ലിം ലീഗ് കമ്മറ്റിയുടെ സീലും ക്രമനമ്പറും ഉണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

6 ചോദ്യാവലിയുടെ ഫോട്ടോ കോപ്പി സ്വീകരിക്കുന്നതല്ല.

7 നിർദ്ദേശങ്ങൾക്ക് താഴെയുള്ള ഭാഗത്ത് പ്രാഥമികവിവരങ്ങൾ (പേര്, വിലാസം തുടങ്ങിയവ) വ്യക്തമായി പൂരിപ്പിക്കേണ്ടതാണ്.

8 ഓരോ ചോദ്യത്തിനും എ, ബി, സി, ഡി എന്നീ നാല് ഓപ്ഷനുകളുണ്ട്. ശരിയുത്തരത്തിന്റെ ഓപ്ഷനിൽ '✓'അടയാളപ്പെടുത്തുക

9 ഒന്നിലധികം ഓപ്ഷനിൽ ✓ രേഖപ്പെടുത്തിയാൽ ഉത്തരം അസാധുവായിരിക്കും

10 ഉത്തരങ്ങൾ രേഖപ്പെടുത്തി തന്നിരിക്കുന്ന കവറിൽ നിക്ഷേപിച്ച് ഒട്ടിച്ച് 2018 ഏപ്രിൽ 30ന് മുമ്പായി തിരിച്ചേൽപ്പിക്കേണ്ടതാണ്.

11 2018 ഏപ്രിൽ 10 മുതൽ 13 വരെ പരപ്പനങ്ങാടിയിൽ നടക്കുന്ന മുസ്‌ലിം യൂത്ത് ലീഗ് സമ്മേളനനഗരിയിൽ സ്ഥാപിക്കുന്ന പ്രത്യേക കൗണ്ടറുകളിലോ ഏപ്രിൽ 30 നു മുമ്പായി മുനിസിപ്പൽ മുസ്‌ലിംലീഗ് ഭാരവാഹികളുടെ കൈവശമോ ഉത്തരപ്പേപ്പർ കവർ ഏൽപിക്കാവുന്നതാണ്.

12 ചോദ്യാവലി രേഖപ്പെടുത്തി തിരിച്ചേൽപിക്കുന്നതിനും വിശദവിവരങ്ങൾക്കും ബന്ധപ്പെടാവുന്ന ഫോൺ നമ്പറുകൾ. 9961074995, 9745301097

13 ഒരേ മാർക്ക് ലഭിച്ചവരുണ്ടെങ്കിൽ വിജയികളെ നറുക്കെടുപ്പിലൂടെ തീരുമാനിക്കുന്നതാണ്.

14 **പരപ്പനങ്ങാടി മുനിസിപ്പൽ പരിധിയിലെ സ്ഥിരതാമസക്കാർക്കുമാത്രമാണ് ഈ മത്സരത്തിൽ പങ്കെടുക്കാൻ അവസരം.**

15 മത്സരം സംബന്ധിച്ച് നയപരമായ തീരുമാനങ്ങൾ എടുക്കാനുള്ള അധികാരം മുനിസിപ്പൽ മുസ്‌ലിം ലീഗ് കമ്മറ്റിയിൽ നിക്ഷിപ്തമായിരിക്കും.

പേര് :.....

പിതാവിന്റെ /

ഭർത്താവിന്റെ പേര് :.....

വിലാസം :.....

.....

.....

ഡിവിഷൻ നമ്പർ :..... ഫോൺ നമ്പർ.....

1 യമനിൽനിന്നും മതപ്രബോധനത്തിനായി മലയാളക്കരയിൽ എത്തിയ സഹോദരർ ആര്?

എ) അലി സഹോദരർ ബി) അബ്ദുല്ല സഹോദരർ

സി) സീതി തങ്ങൾമാർ ഡി) അലവി തങ്ങൾമാർ

2 ഹസൻഗനിയുടെ നേതൃത്വത്തിൽ രൂപംകൊണ്ട പാർട്ടി?

എ) സമസ്ത കേരള മുസ്ലിം ലീഗ് ബി) പ്രോഗ്രസീവ് മുസ്ലിം ലീഗ്

സി) ജനതാ ലീഗ് ഡി) ഐക്യ ലീഗ്

3 "മെമ്മോറാണ്ടങ്ങൾ നൽകുന്ന പദവിയിൽ നിന്ന് മെമ്മോറാണ്ടങ്ങൾ സ്വീകരിക്കുന്ന പദവിയിലേക്ക് മുസ്ലിം ലീഗ് ഉയർന്ന് കഴിഞ്ഞു." എന്ന് പറഞ്ഞതാര്?

എ) അഹമ്മദ് കുരിക്കൾ ബി) ബാഫഖി തങ്ങൾ

സി) സീതി സാഹിബ് ഡി) സി.എച്ച് മുഹമ്മദ്കോയ

4 മദിരാശിയിൽ വെച്ച് ആരുടെ നേതൃത്വത്തിലാണ് ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗ് രൂപീകരിച്ചത്?

എ) നവാബ് സിദ്ദീഖ് അലിഖാൻ ബി) ലിയാഖത്ത് അലിഖാൻ

സി) നവാബ് മുഹമ്മദ് ഡി) ഖായിദെമില്ലത്ത്

5 വാസ്കോഡഗാമ കോഴിക്കോട്ട് എത്തിയത് എന്ന്?

എ) 1498 മെയ് 20 ബി) 1498 മെയ് 2

സി) 1498 മെയ് 12 ഡി) 1498 മെയ് 22

6 അഹ്ലുബൈത്ത് - എന്ന അറബി വാക്കിന്റെ അർത്ഥമെന്ത്?

എ) നബി കുടുംബം ബി) തങ്ങൾ പരമ്പര

സി) വീട്ടുകാർ ഡി) വംശാവലി

7 സുന്നി പണ്ഡിതനായ ഖുതുബി മുഹമ്മദ് മുസ്ലിയാരുടേയും മുജാഹിദ് നേതാവായ കെ.എം. മൗലവിയുടേയും ഉസ്താദായിരുന്ന പണ്ഡിതനാര്?

എ) വരക്കൽ മുല്ലക്കോയ തങ്ങൾ ബി) കീഴന കുഞ്ഞബ്ദുള്ള മൗലവി

സി) ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജി ഡി) അഹമ്മദ് മൗലവി കുഞ്ഞി

8 വിപുലമായ രാജ്യതാൽപര്യത്തിനാണ് മുസ്ലിം ലീഗ് പ്രാധാന്യം നൽകിയതെന്നും, അതിന് അവരെ അഭിനന്ദിക്കുന്നുവെന്നും "മുസ്ലിം ലീഗിന്റെ മനോഭാവം"എന്നപേരിൽ എഴുതിയ മുഖപ്രസംഗത്തിൽ ലീഗിനെ അഭിനന്ദിച്ച ഇന്ത്യയിലെ ഏറ്റവും പഴയ ഇംഗ്ലീഷ് ദിനപത്രം ഏത്?

എ) ആനന്ദപത്രിക ബി) ഡെക്കാൻ ഹെറാൾഡ്

സി) കൽക്കത്ത ടൈംസ് ഡി) അമൃതബസാർ പത്രിക

9 1971 സെപ്തംബറിൽ മന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത കെ.കരുണാകരന് ആഭ്യന്തര വകുപ്പിന്റെ ചുമതല വിട്ടുകൊടുത്തതാര്?

എ) ടി.വി.തോമസ് ബി) അച്യുതമേനോൻ

സി) സി.എച്ച്. മുഹമ്മദ്കോയ ഡി) എൻ.ഇ.ബൽറാം

10 1967 ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ കേരളത്തിൽ നിന്നും വിജയിച്ച ഏക കോൺഗ്രസ് എം.പി. ആര് ?

എ)പനമ്പിള്ളി ഗോവിന്ദമേനോൻ ബി) കെ.കെ.നായർ

സി) കെ.ജി.അടിയോടി ഡി) സി.എം.സ്റ്റീഫൻ

11 വിദ്യാഭ്യാസ വകുപ്പ് ആര് കൈകാര്യം ചെയ്യുമ്പോഴാണ് കേരളത്തിൽ സെക്കണ്ടറി വിദ്യാഭ്യാസം സൗജന്യമാക്കിയത്?

എ) ജോസഫ് മുണ്ടശ്ശേരി ബി) ചാക്കീരി അഹമ്മദ്കുട്ടി

സി) പി.പി.ഉമ്മർകോയ ഡി) സി.എച്ച്.മുഹമ്മദ്കോയ

12 ഖായിദെമില്ലത്ത് ഇസ്മായിൽ സാഹിബിന്റെ മരണരംഗം പ്രതിപാദിക്കുന്ന ഭാഗം പുസ്തകത്തിലെ ഏത് അധ്യായത്തിൽ?

എ) അധ്യായം 15 ബി) അധ്യായം 18 സി) അധ്യായം 16 ഡി) അധ്യായം 17

13 ശങ്കർ മന്ത്രിസഭയ്ക്കെതിരായി വോട്ടു ചെയ്ത കോൺഗ്രസ് എം.എൽ.എ മാർ ചേർന്ന് രൂപീകരിച്ച രാഷ്ട്രീയ പാർട്ടി ഏത്?

എ) കേരളാ കോൺഗ്രസ് ബി) സോഷ്യലിസ്റ്റ് കോൺഗ്രസ്

സി) തിരുവിതാംകൂർ കോൺഗ്രസ് ഡി) എസ്.എസ്.പി

14 നിയമസഭാസ്പീക്കർ സ്ഥാനത്തേക്ക് സീതിസാഹിബിന്റെ പേര് ഔപചാരികമായി പട്ടംതാണുപിള്ള നിർദ്ദേശിച്ചപ്പോൾ അതിനെ പിന്താങ്ങിയതാരായിരുന്നു?

എ) ഇ.എം.എസ്.നമ്പൂതിരിപ്പാട് ബി) പി.ടി.ചാക്കോ

സി) കെ.കരുണാകരൻ ഡി) സി.എച്ച് മുഹമ്മദ്കോയ

15 സമസ്ത കേരളാ ഇസ്ലാംമത വിദ്യാഭ്യാസ ബോർഡിന്റെ ആദ്യത്തെ പ്രസിഡണ്ട് ആര്?

എ) വരക്കൽ മുല്ലക്കോയ തങ്ങൾ ബി) ബാഫഖി തങ്ങൾ

സി) കീഴന കുഞ്ഞബ്ദുള്ള മുസ്ലിയാർ

ഡി) അയനിക്കാട് ഇബ്രാഹിം മുസ്ലിയാർ

16 ജനസംഘം പ്രവർത്തകർ ബാഫഖി തങ്ങൾക്ക് വുളു എടുക്കാൻ ചാവക്കാട് ടി.ബി.യിലേക്ക് വെള്ളമെത്തിച്ചു കൊടുത്ത സംഭവം വിവരിക്കുന്ന അധ്യായത്തിന്റെ പേര്?

എ) ഉറച്ച കാൽവെപ്പുകൾ ബി) മുന്നേറ്റത്തിന്റെ കരുത്ത്

സി) ചില വീട്ടുവിശേഷങ്ങൾ കൂടി ഡി) മദിരാശി പ്രമേയം

17 1960ൽ മുസ്ലിം ലീഗിന്റെ സാരഥിയായി രാജ്യസഭാംഗമായതാര്?

എ) ഹമീദലി ഷംനാട് ബി) പി.കെ.കുഞ്ഞു

സി) കെ.എം.മൗലവി ഡി) ഇബ്രാഹിം സുലൈമാൻ സേട്ട്

18 വിമർശകൻമാരോട് അദ്ദേഹത്തിന് വിരോധമുണ്ടായില്ല. വിമർശനങ്ങളെ അവ ഉദ്ദേശശുദ്ധിയോട് കൂടിയാണെങ്കിൽ അദ്ദേഹം സ്വാഗതം ചെയ്യും. സ്തുതി പാഠകന്മാരേക്കാൾ അദ്ദേഹം ഇഷ്ടപ്പെട്ടത് ന്യായപൂർവ്വം എതിർവാദങ്ങൾ നിരത്തുന്ന വിമർശകന്മാരെയാണ്. ബാഫഖിതങ്ങളെക്കുറിച്ച് ഗ്രന്ഥകാരൻ മേൽപറഞ്ഞ പരാമർശങ്ങൾ നടത്തിയത് പുസ്തകത്തിലെ ഏത് അധ്യായത്തിൽ?

എ) 13 ബി) 7 സി) 9 ഡി) 5

19 ആരുടെ വിയോഗത്തെയാണ് ബാഫഖി തങ്ങൾ മതേതരഭാരതത്തിന്റെ അത്താണിയാണ് മുറിഞ്ഞുപോയത് എന്ന് വിലപിച്ചത്?

എ) മഹാത്മാഗാന്ധി ബി) ലാൽ ബഹദൂർ ശാസ്ത്രി

സി) ജവഹർലാൽ നെഹ്റു ഡി) സക്കീർ ഹുസൈൻ

20 "എന്റെ നാടിന്റെ കഥ, എന്റെയും" ആരുടെ ആത്മകഥയാണ്?

എ) പി.ആർ.കുറുപ്പ് ബി) കെ.സി.ജോൺ

സി) ആനി തയ്യിൽ ഡി) എം.കെ.കൃഷ്ണൻ

21 1967 ലെ മന്ത്രിസഭയിൽ ലീഗിന് എത്ര മന്ത്രിമാരാണ് ഉണ്ടായിരുന്നത്?

എ) 3 ബി) 2 സി) 1 ഡി) 4

22 അനുയായികളെ വിളിച്ച് ചേർത്ത് ഇന്ത്യൻ നാഷണൽ കോൺഗ്രസ് (ഐ) രൂപീകരിച്ചതാര്?

എ) രാജീവ് ഗാന്ധി ബി) ഇന്ദിരാഗാന്ധി

സി) മൊറാർജി ദേശായി ഡി) വി.വി.ഗിരി

23 പത്രലേഖകരോട് സംസാരിക്കുമ്പോൾ ഇത്രയും സൂക്ഷിച്ച് സംസാരിക്കുന്ന ഒരു നേതാവിനെ ഞാനിത് വരെ കണ്ടിട്ടില്ല എന്ന് ബാഫഖി തങ്ങളെക്കുറിച്ച് പറഞ്ഞത് ആര്?

എ) ടി.കെ.മാധവൻ ബി) വി.പി.മാധവൻ നായർ

സി) ടി.കെ.ഗോവിന്ദൻ ഡി) കെ.ആർ.ചുമ്മാർ

24 1957ലെ നിയമസഭാ ഇലക്ഷനിൽ താനൂർ നിയോജകമണ്ഡലത്തിൽ സി.എച്ച്.മുഹമ്മദ് കോയയെ സ്ഥാനാർത്ഥിയായി ലഭിക്കണമെന്നാവശ്യപ്പെട്ട് ബാഫഖിതങ്ങൾക്ക് നിവേദനം നൽകിയത് ആര്?

എ) സി.ഇബ്രാഹിംകുട്ടി സാഹിബ് ബി) സി.പി.അഹമ്മദ്കുട്ടിസാഹിബ്

സി) മരക്കാർകുട്ടി സാഹിബ് ഡി) സി.അഹമ്മദ്കോയ

25 1960 ൽ അധികാരമേറ്റ ശേഷം ഉപമുഖ്യമന്ത്രിയായതാര്?

എ) പി.ടി.ചാക്കോ ബി) ആർ.ശങ്കർ

സി) പി.കെ.കുഞ്ഞ് ഡി) കെ.എം.തോമസ്

26 "ഒരു ഈഴവ സ്ത്രീയുടെ വയറ്റിൽ പിറന്നതുകൊണ്ട് ഞാനൊരു മുഖ്യമന്ത്രിയാകാതെ പോയി" എന്ന് പറഞ്ഞതാര്?

എ) കെ.എ.ദാമോദരൻ ബി) വി.കെ.വേലപ്പൻ

സി) ആർ ശങ്കർ ഡി) വി.കെ.കുഞ്ഞമ്പു

27 1961 ലെ കുറ്റിപ്പുറം ഉപതെരഞ്ഞെടുപ്പിൽ മുസ്‌ലിം ലീഗ് സ്ഥാനാർത്ഥിയെ പിന്തുണക്കാതിരിക്കാൻ കോൺഗ്രസ് പറഞ്ഞ കാരണം ഒരു പ്രമേയമാണ്. ഏതായിരുന്നു ആ പ്രമേയം?

എ) മദിരാശി പ്രമേയം ബി) ദുർഗ്ഗാപൂർ പ്രമേയം

സി) അലഹബാദ് പ്രമേയം ഡി) അഹമ്മദാബാദ് പ്രമേയം

28 1932 ൽ ചന്ദ്രിക ഒരു വാരിക ആയി നിലവിൽ വന്നത് എവിടെ?

എ) കോഴിക്കോട് ബി) വടകര സി) കൊയിലാണ്ടി ഡി) തലശ്ശേരി

29 മുഹമ്മദലി ജിന്ന മരണമടഞ്ഞ ദിനം ഏത്?

എ) 1948 സെപ്തംബർ 11 ബി) 1948 ഒക്ടോബർ 11

സി) 1948 നവംബർ 11 ഡി) 1948 ആഗസ്റ്റ് 11

30 "കോയമ്പത്തൂർ സംഭവത്തിൽ കുറുപ്പ് ഉണ്ടായിരുന്നോ?" ഇത് ബാഫഖിതങ്ങൾ ആരോട് ചോദിച്ചതാണ്?

എ) സി.എച്ച് മുഹമ്മദ്കോയ ബി) പി.ആർ.കുറുപ്പ്

സി) കെ.കെ.കുറുപ്പ് ഡി) ചെറിയ മമ്മുക്കേയി

31 ഗാന്ധിജിയുടെ ആഹ്വാനപ്രകാരം കോളേജ് ബഹിഷ്കരിച്ച ബാഫഖി കുടുംബാംഗം ആര്?

എ) സയ്യിദ് ഹാഷിം ബാഫഖി ബി) സയ്യിദ് സാദിഖ് ബാഫഖി

സി) ജൗഹർ ബാഫഖി ഡി) മുഹ്സിൻ ബാഫഖി

32 പി.എ.സെയ്ത് മുഹമ്മദ് രചിച്ച "കേരള മുസ്‌ലിം ചരിത്രം" പ്രസിദ്ധീകരിച്ചത്?

എ)അൽഅമീൻ ബുക്ക് സ്റ്റാൾ ബി) അൽഹുദാ ബുക്ക് സ്റ്റാൾ

സി) കറന്റ് ബുക്സ് ഡി) ഗ്രേസ് ബുക്സ്

33 ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ് സ്ഥാപകദിനം ഏത്?

എ) 1948 മാർച്ച് 10 ബി) 1949 മാർച്ച് 10

സി) 1948 ഏപ്രിൽ 10 ഡി) 1949 ഏപ്രിൽ 10

34 സാമൂതിരിയുടെ പടത്തലവനായിരുന്ന ഹൈദ്രോസ് കുട്ടി മൂപ്പന്റെ മൃതദേഹം സംസ്കരിച്ചത് ഏത് പള്ളിയിൽ?

എ) തൈക്കാട് പള്ളി ബി) മണത്തല പള്ളി

സി) ചാവക്കാട് പള്ളി ഡി) വെളിയങ്കോട് പള്ളി

35 കേരള സ്റ്റേറ്റ് മുസ്‌ലിം ലീഗിന്റെ ഔപചാരിക ഉദ്ഘാടനം നടന്നത് എവിടെ വെച്ച്?

എ) മലപ്പുറം ബി) എറണാകുളം സി) കോഴിക്കോട് ഡി) തലശ്ശേരി

36 1959 ൽ രാഷ്ട്രപതി കേരളത്തിലെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റിനെ പിരിച്ചുവിട്ടത് എന്ന്?

എ) ജൂൺ 29 ബി) ജൂലൈ 30 സി) ജൂൺ 30 ഡി) ജൂലൈ 31

37 1962ൽ പാർലമെന്റ് തിരഞ്ഞെടുപ്പിൽ ത്രികക്ഷിസഖ്യത്തിൽ നിന്ന് മാറി ലീഗ് എത്ര മണ്ഡലങ്ങളിലാണ് ഔദ്യോഗികമായി സ്ഥാനാർത്ഥികളെ മത്സരിപ്പിച്ചത്?

എ) 4 ബി) 2 സി) 3 ഡി) 5

38 ഐക്യരാഷ്ട്ര സഭയിലെ ഏത് ഇന്ത്യൻ പ്രതിനിധിയെയാണ് കാശ്മീർ വിഷയത്തിൽ ബാഫഖി തങ്ങൾ വിമർശിച്ചത്?

എ) വി.വി.ഗിരി ബി) വി.കെ. കൃഷ്ണമേനോൻ

സി) കെ.ബി.മേനോൻ ഡി) എസ്.കെ.പാട്ടീൽ

39 മുഖ്യമന്ത്രി അച്യുതമേനോൻ 1970 ൽ ഏത് മണ്ഡലത്തിലെ ഉപതെരഞ്ഞെടുപ്പിലാണ് വിജയിച്ചത്?

എ) ദേവികുളം ബി) ചവറ സി) കൊട്ടാരക്കര ഡി) ചേർപ്പ്

40 1957ലെ കേരള നിയമസഭാ തെരഞ്ഞെടുപ്പിൽ മുസ്ലിം ലീഗ് എത്ര മണ്ഡലത്തിൽ മത്സരിച്ചു?

എ) 14 ബി) 9 സി) 11 ഡി) 12

41 മുമ്പ് ഹൈദരാബാദ് മുഖ്യമന്ത്രിയായിരിക്കുകയും പിന്നീട് കേരള ഗവർണർസ്ഥാനം വഹിക്കുകയും ചെയ്ത വ്യക്തി ആര്?

എ) ജ്യോതി വെങ്കടാചലം ബി) ഭഗവാൻ സഹായ്

സി) വി.വി.ഗിരി ഡി) രാമകൃഷ്ണറാവു

42 മന്ത്രിസഭാരൂപീകരണത്തെക്കുറിച്ചുള്ള പാർട്ടി തീരുമാനം ബാഫഖിതങ്ങൾ അറിയിച്ചപ്പോൾ "വരാനിരിക്കുന്ന മന്ത്രിസഭക്കുള്ള എല്ലാ ബഹുമതിയും മുസ്ലിം ലീഗിനാണെ"ന്ന് പറഞ്ഞതാര്?

എ) പട്ടം താണുപിള്ള ബി) നീലം സഞ്ജീവ് റെഡ്ഡി

സി) ധേബർ ഡി) ഇന്ദിരാഗാന്ധി

43 ഗത്യന്തരമില്ലാതെ അവസാനം വലിയ തങ്ങൾ തന്റെ നീണ്ട കുപ്പായത്തിനുള്ളിൽ നിന്നും 'ചക്രായുധം'പുറത്തെടുത്തു. ഗ്രന്ഥകാരൻ ഉദ്ദേശിച്ച 'ചക്രായുധം' എന്ത്?

എ) എഴുതി തയ്യാറാക്കിയ കരാർ ബി) പഴയ ഫയൽഫോട്ടോ

സി) ടേപ്പ് റിക്കാർഡർ ഡി) കത്ത്

44 സയ്യിദ് അബ്ദുൽ ഖാദർ ബാഫഖിക്ക് ഏത് രാജ്യമാണ് കയറ്റുമതിക്കും ഇറക്കുമതിക്കും ചുങ്കം ചുമത്താതിരുന്നത്?

എ) സിലോൺ ബി) മലേഷ്യ

സി) സൗദി അറേബ്യ ഡി) മാലിദ്വീപ്

45 പി.എസ്.പിയുടെ സഹായത്തോടെ സീതി സാഹിബ് മത്സരിച്ച് പരാജയപ്പെടുകയും എന്നാൽ അദ്ദേഹത്തിന്റെ ശിഷ്യനായ സി.എച്ച് ഒരു കക്ഷിയുടേയും പിന്തുണയില്ലാതെ ലീഗ് സാരഥിയായി വിജയിക്കുകയും ചെയ്ത ലോക്സഭാ മണ്ഡലം ഏത്?

എ) മഞ്ചേരി ബി) പൊന്നാനി സി) കോഴിക്കോട് ഡി) തലശ്ശേരി

46 1967 ലെ തെരഞ്ഞെടുപ്പിൽ ലീഗിനായി പതിനഞ്ച് സീറ്റുകളിൽ മത്സരിച്ചവരിൽ പതിനാല് പേരും വിജയിച്ചു. പരാജയപ്പെട്ട സ്ഥാനാർത്ഥി ആര്?

എ) എം.ചടയൻ ബി) എം.ഹക്കീംജി

സി) ജാഫർഖാൻ ഡി) ഹമീദലി ഷംനാട്

47 പട്ടിക്കാട്ട് ജാമിഅ നൂരിയ അറബിക് കോളേജ് സ്ഥാപകൻ ആര്?

എ) റഷീദുദ്ദീൻഷാ ബി) ഉസ്താദ് ഷൗക്കത്ത് അലി

സി) ഷെയ്ഖ് നൂരിഷ ഡി) തമീറുൽ അൻസാരി

48 സയ്യിദ് ഉമർ ബാഫഖി തങ്ങളുടെ ആരായിരുന്നു സയ്യിദ് അബ്ദുറഹിമാൻ ബാഫഖി തങ്ങൾ?

എ) സഹോദരൻ ബി) ഭാര്യാസഹോദരൻ

സി) ഭാര്യാപിതാവ് ഡി) സഹോദരീഭർത്താവ്

49 ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗിന്റെ രണ്ടാമത്തെ അഖിലേന്ത്യാ പ്രസിഡണ്ട് ആരായിരുന്നു?

എ) ബാഫഖി തങ്ങൾ ബി) സി.എച്ച്

സി) എസ്.എം. ശരീഫ് ഖാൻ ഡി) എം.കെ.ഹാജി

50 1960 ലെ കേരള അസംബ്ലിയിലേക്കുള്ള ഇടക്കാല തെരഞ്ഞെടുപ്പിൽ ആകെ എത്ര സീറ്റിലേക്കാണ് തെരഞ്ഞെടുപ്പ് നടന്നത്?

എ) 101 ബി) 130 സി) 140 ഡി) 126

51 സർദാർ കെ.എം.പണിക്കർ ആരായിരുന്നു?

എ) ലീഗ് എം.എൽഎ ബി) കമ്മ്യൂണിസ്റ്റ് നേതാവ്

സി) സംസ്ഥാന പുനസംഘടനാ കമ്മീഷൻ അംഗം ഡി) പോലീസ് ഓഫീസർ

52 ബാഫഖി തങ്ങളുടെ സ്കോളർഷിപ്പ് വാങ്ങി പഠിക്കുകയും പിന്നീട് ഉന്നതമായ ഒട്ടനവധി സ്ഥാനങ്ങളിൽ എത്തുകയും ചെയ്ത നേതാവ് ആര്?

എ) സി.എച്ച്.മുഹമ്മദ്കോയ ബി) നഹാസാഹിബ്

സി) ബാവ ഹാജി ഡി) എം.കെ.മുനീർ

53 ബാഫഖി തങ്ങളുടെ മകളായ ശരീഫാ ഫാത്തിമാ ബീവിയുടെ ഭർത്താവ് ആര്?

എ) ഉമർ ബാഫഖി തങ്ങൾ ബി) സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ

സി) ജിഫ്രി തങ്ങൾ ഡി) സലിം ഐദിദ് തങ്ങൾ

54 ഇസ്മായിൽ സാഹിബ് മരിക്കുന്നതിനു ദിവസങ്ങൾക്കുമുമ്പ് അദ്ദേഹത്തെ സന്ദർശിച്ച തമിഴ്നാട് മുഖ്യമന്ത്രി ആരായിരുന്നു?

എ) അണ്ണാദുരൈ ബി) കരുണാനിധി

സി) എം.ജി.ആർ ഡി) ജാനകി

55 “ഒന്നുകിൽ ഞങ്ങൾ പറയുന്നത് സമ്മതിക്കുക. അല്ലെങ്കിൽ കേരളത്തിൽ നിന്ന് കോൺഗ്രസിന്റെ ബോർഡും കൊടിയുമെടുത്ത് ഇവിടെ (ഡൽഹിയിൽ)കൊണ്ട് വന്ന് സൂക്ഷിക്കുക”- ഡൽഹിയിലെ നേതാക്കളോട് ആര് പറഞ്ഞ വാക്കുകളാണിവ?

എ) ആർ ശങ്കർ ബി) പനമ്പിള്ളി ഗോവിന്ദമേനോൻ

സി) കെ.കരുണാകരൻ ഡി) സി.ശങ്കരൻനായർ

56 വിമോചന സമരകാലത്ത് വെടിയേറ്റ് മരിച്ച ഗർഭിണിയായ മത്സ്യത്തൊഴിലാളിയുടെ പേരെന്ത്?

എ) അന്നമ്മ ബി) സലോമി സി) ലീന ഡി) ഫ്ളോറി

57 “കൊച്ചി അസംബ്ലിയിലും മദ്രാസ് അസംബ്ലിയിലും അംഗം, എഴുത്തുകാരൻ, ഉജ്ജ്വലനായ വാഗ്മി, പരിഭാഷാ വിദഗ്ദ്ധൻ, സമസ്ത കേരള സാഹിത്യപരിഷത്തിന്റെ അധ്യക്ഷപദം അലങ്കരിച്ചയാൾ, ഖദർ വസ്ത്രധാരി, പ്രഗൽഭനായ നിയമജ്ഞൻ” എം.സി.വടകര വായനക്കാർക്ക് പരിചയപ്പെടുത്തുന്ന ആ വ്യക്തി ആര്?

എ) എ.കെ.ഗോപാലൻ ബി) ഉപ്പിസാഹിബ്

സി) സീതി സാഹിബ് ഡി) പി.പി.ഉമ്മർകോയ

58 കേരള നിയമസഭയുടെ രണ്ടാമത്തെ സ്പീക്കർ ആര്?

എ) അവുക്കാദർകുട്ടി നഹ ബി) തോമസ് ജോൺ

സി) എം.എ.ആന്റണി ഡി) കെ.എം.സീതിസാഹിബ്

59 ബാഫഖിതങ്ങൾ ആദ്യമായി തുടങ്ങിയ വ്യാപാരം ഏത്?

എ) തുണി ബി) മത്സ്യം സി) അരി ഡി) പലചരക്ക്

60 രണ്ടാം ലോകമഹായുദ്ധകാലത്ത് പൊതുവിതരണ ശൃംഘലകൾ ശക്തിപ്പെടാത്ത സമയത്ത് ഭക്ഷ്യക്ഷാമമുണ്ടായപ്പോൾ ബാഫഖി തങ്ങൾ ചെയ്ത പ്രധാന കാര്യം എന്ത്?

എ) നേതാക്കളുമായി പ്രശ്നം ചർച്ച ചെയ്തു

ബി) ന്യായവില ഷാപ്പുകൾ തുറന്നു

സി) വൻ ലാഭത്തിൽ ചരക്കുകൾ വിറ്റഴിച്ചു

ഡി) അന്നദാനം നടത്തി

61 സഹോദരനുമായി ചേർന്ന് ബാഫഖിതങ്ങൾ ബാഫഖി & കമ്പനി എന്ന പേരിൽ സ്ഥാപനം തുടങ്ങിയതെവിടെ?

എ) ഡൽഹി ബി) റംഗൂൺ സി) മാലി ഡി) മലേഷ്യ

62 പൊന്നമ്മ ടീച്ചർ ആരായിരുന്നു?

എ) ആർ ശങ്കറിന്റെ ഭാര്യ ബി) ഇ.എം.എസിന്റെ ഭാര്യ

സി) എം.വി.ആർ. ന്റെ ഭാര്യ ഡി) പട്ടം താണുപിള്ളയുടെ ഭാര്യ

63 കേരളത്തിലെ ആദ്യ പൊതുതെരഞ്ഞെടുപ്പ് നടന്ന വർഷം ഏത്?

എ) 1956 ബി) 1957 സി) 1954 ഡി) 1962

64 1969 ൽ ഇ.എം.എസ് മുഖ്യമന്ത്രിസ്ഥാനം രാജിവെക്കേണ്ടി വന്നത് എന്തു കൊണ്ട്?

എ) ലീഗ് പിന്തുണ പിൻവലിച്ചതിനാൽ

ബി) കോൺഗ്രസ് പിന്തുണ പിൻവലിച്ചതിനാൽ

സി) അഴിമതി ആരോപണം അന്വേഷിക്കണം എന്ന പ്രമേയം പാസായതിനാൽ

ഡി) സി.പി.ഐ.എം. രാജി ആവശ്യപ്പെട്ടതിനാൽ

65 കോഴിക്കോട് സിറ്റി മുസ്ലിം ലീഗ് പ്രസിഡണ്ട് സ്ഥാനത്തേക്ക് നടന്ന ഇലക്ഷനിൽ ബാഫഖി തങ്ങളെ പരാജയപ്പെടുത്തിയ ലീഗ് നേതാവ് ആരാണ്?

എ) സി.എച്ച് മുഹമ്മദ്കോയ ബി) ബി.വി. അബ്ദുള്ളക്കോയ

സി) സി.പി. മുഹമ്മദ്ഹാജി ഡി) സി.പി.ചെറിയമമ്മുക്കേയി

66 1960 ൽ തെരഞ്ഞെടുപ്പിന് ശേഷം കേരള മുഖ്യമന്ത്രിയായത് ആര്?

എ) സി.എച്ച് ബി) ഇ.എം.എസ് സി) പട്ടംതാണുപിള്ള ഡി) ആർ ശങ്കർ

67 "അദ്ദേഹത്തിന്റെ സഹിഷ്ണുത കാരണമാണ് സീതിസാഹിബിനൊപ്പം അലിഞ്ഞ് ചേരാനും കെ.എം.മൗലവിയുടെ കൂടെ ഒത്തിണങ്ങി പോകുവാനും സാധ്യമായത്" ബാഫഖി തങ്ങളെക്കുറിച്ച് ഇങ്ങനെ അനുസ്മരിക്കുന്നത് ആര്?

എ) ഒ.കെ.മുഹമ്മദ്കുഞ്ഞി ബി) ഒ.മാമുക്കോയ

സി) സി.കെ.പി.ചെറിയ മമ്മുക്കേയി ഡി) എ.കെ.ഖാദർകുട്ടി

68 മുസ്ലിം ലീഗ് ഒരു ചത്ത കുതിരയാണ്. അത് കാഴ്ചബംഗ്ലാവിൽ സൂക്ഷിക്കേണ്ട വസ്തുവാണ്- എന്ന് പറഞ്ഞ നേതാവ് ആര്?

എ) സർദാർ വല്ലഭായ് പട്ടേൽ ബി) ലാൽ ബഹദൂർ ശാസ്ത്രി

സി) ജവഹർ ലാൽ നെഹ്റു ഡി) വി.കെ.കൃഷ്ണമേനോൻ

69 1960 ലെ കോൺഗ്രസ് നിയമസഭാകക്ഷി ലീഡറായി തെരഞ്ഞെടുത്തത് ആരെ?

എ) എ.എം. തോമസ് ബി) പി.ടി.ചാക്കോ

സി) ആർ.ശങ്കർ ഡി) സജ്ജീവ് റെഡി

70 സഖാവ് കുഞ്ഞാലിയുടെ മരണത്തെ തുടർന്ന് നിലമ്പൂരിൽ നടന്ന ഉപതെരഞ്ഞെടുപ്പിൽ വിജയിച്ചതാര്?

എ) ടി.കെ.ഹംസ ബി) സി.പി.അബൂബക്കർ

സി) ആര്യാടൻ മുഹമ്മദ് ഡി) എം.പി.ഗംഗാധരൻ

71 കേരളത്തിൽ 1960 ൽ ഇടക്കാലതെരഞ്ഞെടുപ്പ് ഉണ്ടായതിന്റെ കാരണമെന്ത്?

എ) ഇ.എം.എസ്. രാജിവെച്ചതുകൊണ്ട്

ബി) ഇ.എം.എസ്. മന്ത്രിസഭക്ക് ഭൂരിപക്ഷം നഷ്ടപ്പെട്ടതുകൊണ്ട്

സി) ഇ.എം.എസ്. മരിച്ചതുകൊണ്ട്

ഡി) 1959 ൽ കേന്ദ്രഗവൺമെന്റ് ഇ.എം.എസ്. മന്ത്രിസഭയെ പിരിച്ചുവിട്ടതുകൊണ്ട്

72 പഴയ തെക്കൻ കൊല്ലം ഏത് നാട്ടുരാജ്യത്തിന്റെ തലസ്ഥാനമായിരുന്നു?

എ) തിരുവിതാംകൂർ ബി) ദേശിംഗനാട്

സി) തിരുകൊച്ചി ഡി) മാർതാണ്ഡം

73 ഹദ്ദാദ് എന്ന അറബിപദത്തിന്റെ അർത്ഥം എന്ത്?

എ) കൊല്ലൻ ബി) നാവികൻ സി) തൊഴിലാളി ഡി) ആരാധന

74 1960 ൽ തമിഴ്നാട് മുസ്ലിം ലീഗ് സംസ്ഥാന സമ്മേളനം നടന്നതെവിടെവെച്ച്?

എ) തിരുനൽവേലി ബി) മദിരാശി

സി) വാണിയമ്പാടി ഡി) കോയമ്പത്തൂർ

75 "അഞ്ചു നേതാക്കൾ" എന്ന ഗ്രന്ഥത്തിന്റെ കർത്താവ് ആര്?

എ) എം.ഐ.തങ്ങൾ ബി) റഹീം മേച്ചേരി

സി) കെ.പി.കുഞ്ഞിമൂസ ഡി) ഇ അഹമ്മദ്

76 പഴയകാല ലീഗ് നേതാവ് എ.പി.എ.കെ.ഇച്ചാവ മരക്കാർ പ്രസിഡണ്ടായിരുന്ന വായനശാലയുടെ പേരെന്താണ്?

എ) മുഹമ്മദ് സ്മാരക വായനശാല

ബി) നെടുവ യുവജന സംഘം വായനശാല

സി) യങ്മെൻസ് ലൈബ്രറി ഡി) പ്യൂപ്പിൾസ് ലൈബ്രറി അങ്ങാടി

77 പരപ്പനങ്ങാടി നെടുവ പഞ്ചായത്തുകൾ കൂട്ടിച്ചേർത്ത് പരപ്പനങ്ങാടി പഞ്ചായത്ത് രൂപീകരിച്ച വർഷം ?

എ) 1961 ബി) 1965 സി) 1962 ഡി) 1964

78 പരപ്പനങ്ങാടി പഞ്ചായത്തിലെ ആദ്യ വനിതാ മെമ്പർ ആര്?

എ) കെ.സുഹറാബി ബി) മാളിയേക്കൽ കുഞ്ഞുമറിയം

സി) പാത്തുമ്മ എട്ടിയാട്ടിൽ ഡി) കെ.പി.മുല്ലബീവി

79 പരപ്പനങ്ങാടിയിലെ ആദ്യകാല തീപ്പെട്ടിക്കമ്പനിയുടെ ട്രേഡ് മാർക്ക് എന്ത്?

എ) ക്ലാവർ ബി)മയിൽ സി) ഒട്ടകം ഡി) ആന

80 കോട്ടുമല അബൂബക്കർ മുസ്ലിയാർ താഴെ പറയുന്ന ഏത് പള്ളിയിലാണ് ദർസ് നടത്തിയിരുന്നത്?

എ) അങ്ങാടി വലിയ ജുമുഅത്ത് പള്ളി ബി) ഉള്ളണം കോട്ടായി മസ്ജിദ്

സി) പനയത്തിൽ ജുമാ മസ്ജിദ് ഡി) പാലത്തിങ്ങൽ ജുമാ മസ്ജിദ്

81 പരപ്പനങ്ങാടിയിൽ ഇപ്പോഴുള്ള റസ്റ്റ് ഹൗസ് നിലനിൽക്കുന്ന സ്ഥലം പ്രമുഖനായ ഒരു എഴുത്തുകാരന്റെ തറവാടായിരുന്നു. ആരുടെ?

എ) റഷീദ് പരപ്പനങ്ങാടി ബി) എൻ.പി.മുഹമ്മദ്

സി) സി.പി.വത്സൻ ഡി) കെ.പി.രാമനുണ്ണി

82 ഒന്നാം കേരള നിയമസഭയിലേക്ക് സി.പി.കുഞ്ഞാലിക്കുട്ടിക്കേയി സാഹിബ് മത്സരിച്ച മണ്ഡലം ഏത്?

എ) തിരൂരങ്ങാടി ബി) തലശ്ശേരി സി) താനൂർ ഡി) കണ്ണൂർ

83 രാഷ്ട്രീയ ചിന്തകനായിരുന്ന റഹീം മേച്ചേരിയുടെ ഭാര്യാഗൃഹം പരപ്പനങ്ങാടി യിലെ ഏത് പ്രദേശത്താണ്?

എ) ചെട്ടിപ്പടി ബി) ഉള്ളണം സി) ചെറമംഗലം ഡി) പാലത്തിങ്ങൽ

84 പരപ്പനങ്ങാടിയിൽ ഉൽപാദിപ്പിച്ചിരുന്ന ചുരുട്ട് ഏത്?

എ) മംഗലശ്ശേരി ചുരുട്ട് ബി) സിത്താര

സി) മുത്തു ചുരുട്ട് ഡി) മൈന

85 നെയ്ത്തിന് പ്രസിദ്ധമായിരുന്ന പരപ്പനങ്ങാടിയിലെ ഒരു പ്രദേശമേത്?

എ) ചിറമംഗലം ബി) ഉള്ളണം

സി) ആലുങ്ങൽ ഡി) ചെട്ടിപ്പടി

86 പരപ്പനാട് വംശത്തിന്റെ ഭരണകേന്ദ്രം ഏതായിരുന്നു?

എ) നിറംകൈതക്കോട്ട ബി) പിഷാരിക്കൽ ക്ഷേത്രം

സി) തട്ടാരു കോവിലകം ഡി) വലിയ കോവിലകം

87 അങ്ങാടി വലിയജുമഅത്ത് പള്ളി മുദരിസ് ആയ എൻ.കെ.മുഹമ്മദ് മൗലവി സമസ്ത മുശാവറ അംഗമായ വർഷം ഏത്?

എ) 1960 ബി) 1979 സി) 1975 ഡി) 1961

88 1986 ൽ പരപ്പനങ്ങാടിയിൽ നിലവിൽ വന്ന സഹകരണസ്ഥാപനം ഏത്?

എ) മത്സ്യതൊഴിലാളി സഹകരണസംഘം

ബി) നെയ്ത്ത് സഹകരണസംഘം

സി) മോട്ടോർ ട്രാൻസ്പോർട്ട് സഹകരണ സംഘം

ഡി) ചുമട്ട്തൊഴിലാളി സഹകരണസംഘം

89 കേരളാ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച കെ.അബുക്കാദർകുട്ടി നഹ എന്ന പുസ്തകം രചിച്ചതാര്?

എ) ടി.പി.എം.ബഷീർ ബി) ഇക്ബാൽ കല്ലുങ്ങൽ

സി) ബശീർ രണ്ടത്താണി ഡി) സി.പി.സൈതലവി

90 ഒരു സർക്കാർ വിദ്യാലയത്തിന്റെ പേര് റിട്ടയർ ചെയ്ത ഒരധ്യാപകന്റെ പേരിൽ ഇപ്പോഴും അറിയപ്പെടുന്നു. ഏതാണ് ഈ വിദ്യാലയം?

എ) ജി.എൽ.പി.എസ്. പരപ്പനങ്ങാടി

ബി) ജി.എം.എൽ.പി.എസ്. പരപ്പനങ്ങാടി

സി) ജി.എഫ്.എൽ.പി.എസ്. പരപ്പനങ്ങാടി

ഡി) ജി.എം.എൽ.പി.എസ്. പരപ്പനങ്ങാടി ടൗൺ

91 പരപ്പനങ്ങാടി സ്വദേശി സി.പി.വൽസൻ എന്ന കവിയുടെ കാവ്യസമാഹാരം കലിക്കറ്റ് യൂണിവേഴ്സിറ്റി ബി.എ മലയാളം പാഠപുസ്തകമായിരുന്നു. പുസ്തക ത്തിന്റെ പേര്?

എ) പ്രണയസാഫല്യം ബി) സഫലമീ യാത്ര

സി) വ്രണിത തീർത്ഥാടനം ഡി) കാവ്യമഞ്ജരി

92 പരപ്പനങ്ങാടിയിലൂടെയുള്ള ആദ്യ തീവണ്ടി റെയിൽപാത ഏതു മുതൽ ഏതു വരെ?

എ) ഷൊർണൂർ-കോഴിക്കോട് ബി) തിരൂർ-ചാലിയം

സി) കണ്ണൂർ-തിരുവനന്തപുരം ഡി) മംഗലാപുരം-മദിരാശി

93 1995 ലെ ഗ്രാമപഞ്ചായത്ത് ഇലക്ഷനിൽ പരപ്പനങ്ങാടി ഗ്രാമപഞ്ചായത്തിൽ മുസ്‌ലിം ലീഗ് മുന്നണിക്ക് സഭിച്ച സീറ്റുകളുടെ എണ്ണം എത്ര?

എ) 10 ബി) 9 സി) 8 ഡി) 11

94 1964ൽ പരപ്പനങ്ങാടി പഞ്ചായത്തിലേക്കു തെരഞ്ഞെടുത്ത വനിതാ മെമ്പർ രാജി വെച്ചതിനെ തുടർന്ന് പകരം നാമനിർദ്ദേശം ചെയ്യപ്പെട്ട വനിതാ മെമ്പർ ആര്?

എ) ഫാത്തിമക്കുട്ടി.എ.പി ബി) നഫീസ.പി.വി

സി) ബീവി.പി.കെ ഡി) മാളിയേക്കൽ കുഞ്ഞുമറിയം

95 1963ലെ പരപ്പനങ്ങാടി പഞ്ചായത്ത് ഇലക്ഷനിൽ എതിർ സ്ഥാനാർത്ഥിയെ 25 വോട്ടിൽ ഒതുക്കി വിജയിച്ചതാര്?

എ) പി.വി.മുഹമ്മദ്കുട്ടി ബി) കെ.പി.അബ്ദുൾ അസീസ്

സി) മൊയ്തീൻ ബാവ.പി ഡി) കുഞ്ഞവറാൻകുട്ടി പി.വി

96 വർഷങ്ങൾക്ക് മുമ്പ് അഞ്ചപ്പുരയിൽ രാമാനുജം സ്കൂൾ എന്ന പേരിൽ ഒരു വിദ്യാലയം സ്ഥാപിച്ചിരുന്നു. സ്ഥാപകൻ ആര്?

എ) കുട്ടായി മാസ്റ്റർ ബി) പരമേശ്വരൻ എമ്പ്രാന്തിരി

സി) മാധവൻ മാസ്റ്റർ ഡി) അച്യുതൻ മാസ്റ്റർ

97 അവുക്കാദർകുട്ടി നഹ ആദ്യമായി തെരഞ്ഞെടുപ്പിൽ മത്സരിച്ചത് 1952 ലാണ് ഏതായിരുന്നു ഇലക്ഷൻ?

എ) മലബാർ ഡിസ്ട്രിക്ട് ബോർഡ് ബി) പി.സി.സി. സൊസൈറ്റി

സി) മദിരാശി അസംബ്ലി ഡി) മർക്കന്റയിൽ സൊസൈറ്റി

98 പരപ്പനങ്ങാടി സ്വദേശിയായ ഒരു വനിതാ അഡ്വക്കറ്റ് ഒരു നോവലിസ്റ്റ് കൂടിയാണ്. പേരെന്താണ്?

എ) സുഷമ കണിയാട്ടിൽ ബി) പി.വത്സല

സി) പി.കെ.വത്സല ഡി) സാറാ തോമസ്

99 കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗമായിരുന്ന പരപ്പനങ്ങാടി സ്വദേശി ആര്?

എ) സി.കെ.മനോജ്കുമാർ ബി) എം.പി.രാഗേഷ്

സി) കൃഷ്ണൻ കാരങ്ങാട്ട് ഡി) ഇ.പി.മുഹമ്മദലി

100 പരപ്പനങ്ങാടി സർവ്വീസ് സഹകരണബാങ്ക് സ്ഥാപിതമായ വർഷം ഏത്?

എ) 1907 ബി) 1919 സി) 1906 ഡി) 1917